LIBRARY ARCHIVES Kerala Legislative Assembly

പുതൂർ പഞ്ചായത്തിലെ നിർമ്മാണപ്രവർത്തനങ്ങളെ ക്കുറിച്ചുള്ള പരാതികൾ

177 [3145] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിൽ പുതൂർ പഞ്ചായത്തിലെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളെക്കുറിച്ച് എത്ര പരാതികൾ വീതമാണ് ലഭിച്ചത്;

(സി) ഈ പദ്ധതികളിൻമേൽ സർക്കാർ നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ഡി) ഇനിയും എന്തെല്ലാം നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്ന തെന്നും അവ എന്നത്തേക്ക് നടത്താനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) — (ഡി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. ചോദ്യം ചോർത്തിയവർക്കെതിരെ അന്വേഷണം

178 [3146] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
" റോഷി അഗസ്റ്റിൻ:
" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കഴിഞ്ഞകൊല്ലം നടത്തിയ ഹയർ സെക്കന്ററി മലയാളം അദ്ധ്യാപക തസ്തികയിലെയും ഇക്കഴിഞ്ഞ മാർച്ചിൽ നടത്തിയ കോളേജ് ലക്ചറർ മലയാളം തസ്തികയിലെയും ചോദ്യപേപ്പറുകൾ തയ്യാറാക്കിയ ചില കോളേജ് അദ്ധ്യാപകർ ചോദ്യം ചോർത്തി നൽകിയതായുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യാപകരായ ചോദ്യകർത്താക്കൾ തങ്ങളുടെ സഹപ്രവർത്തകരുടെ മക്കൾക്കും ശിഷ്യർക്കും ചോദ്യം ചോർത്തി നൽകിയതായുള്ള വാർത്ത വന്നിട്ടും, നൂറുകണക്കിന് ഉദ്യോഗാർത്ഥികൾ പരാതി നൽകിയിട്ടും പി. എസ്. സി. ഇത് ഗൗരവമായി കാണാത്തതിനെക്കുറിച്ച് അന്വേഷിക്കുമോ;

(സി) ഹയർ സെക്കന്ററി ലക്ചറർ നിയമനങ്ങളിൽ ചോദ്യകർത്താക്കൾ ചോദ്യം ചോർത്തിക്കൊടുത്ത സംഭവത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുമോയെന്നും നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) — (സി) പി. എസ്. സി.യിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.